1. **കൊണ്ടാഴി സി ഡി എസ്**
   **കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്**

<u>ആമുഖം</u>

_ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ പഴയന്നൂർ ബ്ലോക്കിന് കീഴിൽ വരുന്ന 6 പഞ്ചായത്തിൽ ഒന്നാണ് കൊണ്ടാഴി .പഞ്ചായത്തിൽ കുടുംബശ്രീയുടെ പ്രവർത്തനം വളരെ മികവർണതാണ് .15 വാർഡുകൾ ഉള്ള ഈ പഞ്ചായത്തിലെ ഭൂരിഭാഗം നിവാസികളും കർഷകരും ,തൊഴിലാളികളും ,ചെറുകിട വ്യവസായികളുമാണ്

2003 ൽ ആണ് പഞ്ചായത്തിന് കീഴിൽ സി ഡി എസ് പ്രവർത്തനം ആരംഭിക്കുന്നത് ,തുടക്കത്തിൽ 56 അയൽക്കൂട്ടങ്ങളാണ് സി ഡി എസ് നു കീഴിൽ പ്രവർത്തിച്ചിരുന്നത് ഇപ്പോൾ 2020 ൽ കുടുംബശ്രീക് 22 വയസ്സ് തികയുമ്പോൾ 250 അയൽക്കൂട്ടങ്ങളും അതിലെ 3573 അംഗങ്ങളുമായി സി ഡി എസ് അതിന്റെ കർമമേഖലയിലെ പ്രവർത്തനങ്ങളെ വളരെ നല്ല രീതിയിൽ തന്നെ മുന്നോട്ട് കൊണ്ടുപോകുന്നു .ഈ കാലയളവിൽ സ്ത്രീ ശാക്തീകരണം ,സാമ്പത്തീക ശാക്തീകരണം ,സാമൂഹിക ശാക്തീകരണം എന്നീ മേഖലകളിൽ മികവാർന്ന നേട്ടം കൈവരിക്കാൻ സി ഡി എസ് നു സാധിച്ചു .കഴിഞ്ഞ രണ്ടു പ്രളയകാലങ്ങളിലും covid -19 മഹാമാരിയെ തുടർന്നുണ്ടായ ലോക്ഡൗണിലും സി ഡി എസ് നടത്തിയ ഇടപെടലുകൾ അതിനു ഉത്തമ ഉദാഹരണമാണ്

**<u>ത്രിതല സംഘടനാ ചലിപ്പിച്ചത്</u>**

കുടുംബശ്രീ പ്രദാന പ്രവർത്തന ശൈലി അതിന്റെ താഴെ തട്ടിൽ എല്ലാ കാര്യങ്ങളും എത്തിക്കുന്നത് ആണ് ഇത് സാധ്യമാകുന്നത് കുടുമ്പശ്രീയുടെ ത്രിതല സംവിദാനമായ സിഡി എസ്, എ ഡി എസ്, NHG മുഗേനയാണ്. സ്റ്റേറ്റ് മിഷനിൽ നിന്നും നിർദ്ദേശിക്കുന്ന കാര്യങ്ങൾ ജില്ലാ മിഷൻ cds ലേക്കും അവിടെ നിന്ന് ADS ലേക്കും അവിടെ നിന്ന് NGH യിലേക്കും എത്തിക്കുന്ന പ്രവർത്തനങ്ങൾ വളരെ കൃത്യതയോടെ കുടുംബശ്രീ അംഗങ്ങൾ നടപ്പിലാക്കുന്നു. ലോക്കഡോൺ കാലത്ത് സ്ഥിരമായി കൂടുന്ന മീറ്റിംഗുകൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ CDS, ADS, NHG അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള watsapp ഗ്രൂപ്പുകൾ മുഗേനയാണ് സാധ്യമാക്കിയത് അതുകൊണ്ടുതന്നെ എല്ലാ കുടുംബശ്രീ അംഗങ്ങളും പ്രവർത്തന മേഖലയിൽ സജീവമായിരുന്ന

**<u>വാട്സ്ആപ്പ് ഗ്രൂപ്പ്</u>**

സി ഡി എസ്, എ ഡി എസ്, അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു.കൊറോണ യെ കുറിച്ചുള്ള ബോധവത്കരണവും, പ്രതിരോധ നടപടികളെക്കുറിച്ചും താഴെത്തട്ടിലേക്കു എത്തിക്കാൻ ഇതു സഹായകമായി.

**<u>കമ്മ്യൂണിറ്റി കിച്ചൻ</u>**

സർക്കാർ നിർദ്ദേശം അനുസരിച്ചു കൊണ്ടാഴി കമ്മ്യൂണിറ്റി കിച്ചൻ മാർച്ച് 28 ന് ആരംഭിച്ചു, 5 സി ഡി എസ് അംങ്ങളുടെനേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൻ നടത്തി വന്നത്. എല്ലാ സുരക്ഷ നടപടികളും സ്വീകരിച്ചാണ് കമ്മ്യൂണിറ്റി കിച്ചൻ നടത്തിയിരുന്നത്.അതിഥി തൊഴിലാളികൾ ,DFK കുടുംബങ്ങൾ ,നിരാലംബർ ,നിരീക്ഷണത്തിൽ കഴിയുന്നവർ ,തുടങ്ങിയവരെ ഉൾപ്പെടുത്തി ഏകദേശം 100 ഉച്ചയൂണ് വരെ കമ്മ്യൂണിറ്റി കിച്ചനിൽനിന്നുംസൗജന്യമായി കൊടുത്തുപോന്നിരുന്നു. കുടുംബശ്രീ പ്രവർത്തകർ ,പഞ്ചായത്പ്രസിഡന്റ് ,വാർഡ് മെമ്പർ എന്നിവരുടെ പ്രയത്നത്തിന്റെ ഫലമായി

എക്സ് സർവീസ് മെൻ സംഘടന ,ആരാധനാലയങ്ങൾ ,കൂടാതെ പൊതുപ്രവർത്തകർ ,കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ,ജെ എൽ ജി ഗ്രൂപ്പുകൾ വഴി 1000 കെ ജി പച്ചക്കറിയും ,പലചിരക്കും സംഭാവന ലഭിച്ചു







**<u>ലോക്കഡോൺ കാലത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ</u>**

കൊറോണ കാലത്തെ വിരസത മാറ്റാൻ ആയി കൊണ്ടാഴി കുടുംബശ്രീ അംഗങ്ങൾ വീട്ടിൽ തന്നെ കൃഷി, അതിൽ മാസ്ക്നിർമ്മാണം, കര കൗശല നിർമ്മാണം എന്നിവ നടത്തുകയുണ്ടായി.വീട്ടിൽ അടുക്കളത്തോട്ടം നിർമാണത്തിനു ആവശ്യ മായ വിത്തുകൾ വിതരണം ചെയ്തു.അയൽ കൂട്ടം അംഗങ്ങൾ ഒരു നിശ്ചിത തുക സമാഹ രിച്ചു നിർധനാ

കുടുംബത്തിനു അവശ്യ വസ്തുക്കൾ വാങ്ങി നൽകി.തൃശൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടത്തിയ ചാച്ചാ -മച്ചാ പരിപാടിയിൽ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്തു.

**<u>വായോ ജനങ്ങൾക്ക് വേണ്ടി പ്രവർത്തനം</u>**

ആശ്രയ കുടുംബത്തിലെ 60 വയസിനു മുകളിൽ ഉള്ളവരെ 3 ദിവസം കൂടുമ്പോൾ വിവരങ്ങൾ അനേഷിച്ചു പോന്നു.അവരിൽ ചിലർക്ക് സ്ഥിരമായി ഭക്ഷണം നൽകി, എല്ലാവർക്കും മാസ്ക് നൽകി. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹെൽപ് ഡസ്ക് ആരംഭിച്ചിരുന്നു അതിനു വേണ്ടിയുള്ള സഹായ സഹകരണം നൽകി പോന്നു. ക്വാറന്റൈനിൽ ഉള്ള 60 വയസിനു മുകളിൽ ഉള്ളവരെ എല്ലാ ദിവസവും ഫോൺ വിളിച്ചു വിവരങ്ങൾ അനേഷിച്ചു. കൂടാതെ വയോജനങ്ങൾക്കായി "ഇന്നലയിലേക്ക് ഒരു നോട്ടം "എന്ന ക്യാമ്പയിൻ നടത്തി

**<u>കുട്ടിക്ക് വേണ്ടിയുള്ള പ്രവർത്തനം</u>**

ബാലസഭാ കുട്ടികൾ വേണ്ടി ജില്ലാ തലത്തിൽ 'ഈ ക്വാറന്റൈൻ കാലത്ത് 'എന്ന മത്സരം നടത്തുകയും കവിത രചന, യാത്ര വിവരണം, ചിത്ര രചന, കഥ രചന എന്നിവ നടത്തി, വല്ലച്ചിറ പഞ്ചായത്തിലെ ബാലസഭാ അംഗ ങ്ങൾ നല്ല പങ്കാളിത്തം ഉണ്ടായി. ബ്ലോക്ക് തലത്തിൽ ബാലസഭാ കൂട്ടുകാർക്കായി മത്സരം സംഘടിപ്പിച്ചു. "വീട്ടിൽ ഒരു കൃഷിതോട്ടം"ന്യൂസ് റീഡിങ് കോംപറ്റീഷൻ "എന്നീ പരിപാടികളാണ് നടത്തിയത് ബാലകൃഷി നല്ല രീതിയിൽ ചെയ്തു പോരുന്നു. ആശ്രയ കുടുംബത്തിലെ കുട്ടികൾക്ക് മാസ്ക്

വിതരണം ചെയ്തു.



## <u>ലോൺ</u>

സർക്കാർ കോവിഡ് കാലത്ത് കുടുംബശ്രീ അംഗങ്ങൾക്കു അനുവദിച്ച ലോൺ CMHLS കൊണ്ടാഴി നിന്നും 2123പേർ കൊടുത്തു ആകെ തുക 18005000 ലഭിച്ചു.

## വിവിധ വകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനം

പി എച് സി യുടെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾ പ്രതിരോധ മരുന്നുകൾ വീടുകളിൽ എത്തിച്ചു നൽകി, ക്ലോറിനേഷൻ ന് സഹായിച്ചു. ഹെൽപ് ഡെസ്കിൽ സഹായങ്ങൾ നൽകി.